# മഹാത്മാഗാന്ധിസർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂലൈ 13

# വാർത്താക്കുറിപ്പ്

## ബി എച്ച് എം പരീക്ഷ

ബാച്ചർ ഓഫ് ഹോട്ടൽ മാനേജ്മെൻ്റിൻ്റെ (ബി.എച്ച്. എം. ) അഞ്ചാം സെമസ്റ്റർ ( 2018 അഡ്മിഷൻ - റഗുലർ , 2013 മുതൽ 2017 വരെയുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷ ജൂലൈ 27 ന് ആരംഭിക്കും. ഇതിലേക്കുള്ള അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 15 വരെയും, 525 രൂപ പിഴയോട് കൂടി ജൂലൈ 16 വരെയും 1050 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ 19 വരെയും സ്വീകരിക്കും. പരീക്ഷാ ടൈം ടേബിളും വിശദവിവരങ്ങളും സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/631/2021)

## പരീക്ഷാ ഫലം

മഹാത്മാഗാന്ധി സർവ്വകലാശാല അഗസ്റ്റിൽ നടത്തിയ എം. എസ് സി സൈബർ ഫോറൻസിക്സ് (പി. ജി. സി. എസ്.എസ് - റഗുലർ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ ഓൺലൈനായി നൽകേണ്ട അവസാന തീയതി ജൂലൈ 27. വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. പുനർമൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടക്കണം.

(പി.ആർ.ഒ/39/632/2021)

## പരീക്ഷ 28 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല ആറാം സെമസ്റ്റർ എം എസ് സി - മെഡിക്കൽ ബയോകെമിസ്ട്രി (2017 അഡ്മിഷൻ - റഗുലർ , 2017 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷ ജൂലൈ 28ന് ആരംഭിക്കും. ഇതിലേക്കുള്ള അപേക്ഷകൾ ജൂലൈ 15 വരെ പിഴയില്ലാതെയും 525 രൂപ പിഴയോട് കൂടി ജൂലൈ 16 വരെയും 1050 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ 17 വരെയും സ്വീകരിക്കും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/633/2021)

പി.സി. സുരേഷ് കുമാർ
പബ്ലിക്റിലേഷൻസ് ഓഫീസർ